ഉത്തരം

(എ) ഉണ്ട്. 2-8-1961-ലെ സർക്കാർ ഉത്തരവ് സാധ (നം.) 3150/1961/ഹെൽത്ത് ആന്റ് ലേബർ പ്രകാരം കിടക്കകളുടെ എണ്ണത്തിന്റെ അനുപാതത്തിലാണ് ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നത്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിലുള്ള മാനദണ്ഡം (1961-ലെ സ്റ്റാഫ് പാറ്റേൺ) അനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിൽ കുറവുള്ള ജില്ലാ താലൂക്കുതല ആശുപത്രികൾ കേരളത്തിലില്ല. സർക്കാർ ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട സേവനം, ജീവനക്കാർ എന്നിവയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തുകയും പ്രസ്തുത പഠന റിപ്പോർട്ട് (സ്റ്റാന്റർഡൈസേഷൻ ഓഫ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) സർക്കാരിന്റെ പരിഗണനയിലുമാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ആരോഗ്യ വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടി

159 [137] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിലായി ആകെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) അസിസ്റ്റന്റ് സർജൻ, നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ലെപ്രസി ഇൻസ്പെക്ടർ, ഹോസ്പിറ്റൽ അറ്റന്റന്റ്, ഡ്രൈവർ, സ്വീപ്പർ, കുക്ക്, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഇപ്പോഴുള്ള ഒഴിവുകൾ എത്രയാണെന്ന് ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ മൊത്തമായി 8611 ഒഴിവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അസിസ്റ്റന്റ് സർജൻ തസ്തികയിൽ 438-ഉം നഴ്സ് തസ്തികയിൽ 467-ഉം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ 484-ഉം ലെപ്രസി ഇൻസ്പെക്ടർ തസ്തികയിൽ 354-ഉം ഹോസ്പിറ്റൽ അറ്റന്റന്റ് തസ്തികയിൽ (ഗ്രേഡ് 1-ഉം ഗ്രേഡ് 2-ഉം ഉൾപ്പെടെ) 1926-ഉം ഡ്രൈവർ തസ്തികയിൽ 95-ഉം സ്വീപ്പർ തസ്തികയിൽ 823-ഉം (പാർട്ട്-ടൈം സ്വീപ്പർ ഉൾപ്പെടെ) കുക്ക് തസ്തികയിൽ 187-ഉം ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ 127-ഉം നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ 1043-ഉം ഒഴിവുകൾ നിലവിലുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന 438 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ നികത്തുന്നതിന്റെ ഭാഗമായി 2-7-2005-ൽ 185 അസിസ്റ്റന്റ് സർജൻമാർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) & (ഡി) പ്രൊമോഷൻ വഴിയും പി. എസ്. സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകളിലെ നിയമനം

160 [138] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഏതെല്ലാം ആശുപത്രികളിൽ ഐ. പി. ചികിത്സാ സൗകര്യം അനുവദിച്ചു എന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഇ) ഓരോ ആശുപത്രികളിലും എത്ര കിടക്കകളുണ്ട്; ഇതിനുവേണ്ടി എത്ര തസ്തികകൾ അനുവദിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം-I ആയി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly